I/398745/2023

"ഭരണഭാഷ – മാതൃഭാഷ"

വ്യാവസായിക പരിശീലനവകുപ്പ്

(കേരളസംസ്ഥാനം)

ജോയിന്റ് ഡയറക്ടറുടെ നടപടിക്രമം

(നിലവിൽ: സി രതീശൻ )

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്-ട്രെയിനിംഗ് ഡയറക്ടറേറ്റ്-ജീവനക്കാര്യം- ജൂനിയർ ഇൻസ്ട്രക്ടർ തസ്തികയിൽ നിന്നും സീനിയർ ഇൻസ്ട്രക്ടർ തസ്തികയിലേക്കുള്ള സ്ഥാനകയറ്റം- ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- DT/564/2023-A2 നമ്പർ ആയുള്ള 23.06.23 ലെ ജോയിന്റ് ഡയറക്ടർ ഓഫ് ട്രെയിനിംഗ്-ന്റെ ഉത്തരവ്

ഉത്തരവ് നമ്പർ: DT/564/2023-A2തീയതി: 01-07-2023

വകുപ്പിലെ ജൂനിയർ ഇൻസ്ട്രക്ടർ തസ്തികയിൽ നിന്നും സീനിയർ ഇൻസ്ട്രക്ടർ തസ്തികയിലേക്കുള്ള പരാമർശ പ്രകാരമുള്ള സ്ഥാനകയറ്റ ഉത്തരവിലെ പാര 5 ൽ പറഞ്ഞിട്ടുള്ള "മേല് സാഹചര്യത്തിൽ പരാമർശം (5) ഗ്രഡേഷന് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള താഴെപ്പറയുന്ന ജൂനിയർ ഇൻസ്ട്രക്ടർ തസ്തികയിലെ ജീവനക്കാർക്ക് കേരള ക്രാഫ്റ്റ്സ്മെൻ ട്രെയിനിംഗ് സബോർഡിനേറ്റ് സർവ്വീസ് 1971 ചട്ടം -3(2), ചട്ടം-6, പരാമർശം (3)- ലെ സർക്കാർ ഉത്തരവ് എന്നിവയിലെ വ്യവസ്ഥകൾക്ക് വിധേയമായി 1958-ലെ കേരള സബോർഡിനേറ്റ് സർവ്വീസ് റൂൾസ് ചട്ടം 28 (എ) പ്രകാരം അവരുടെ പേരിന് നേരേ രേഖപ്പെടുത്തിയിരിക്കുന്ന തീയതി പ്രാബല്യത്തിൽ ടി പട്ടികയിലെ ക്രമ നം. 1 മുതൽ 25 വരെയുള്ള ജീവനക്കാർക്ക് 27800-59400 രൂപ ശമ്പള നിരക്കിലും ക്രമ നം. 26 മുതൽ 277 വരെയുള്ള ജീവനക്കാർക്ക് 39300- 83000 രൂപ ശമ്പള നിരക്കിലും സീനിയർ ഇൻസ്ട്രക്ടർമാരായി ഉദ്യോഗക്കയറ്റം നൽകി ഉത്തരവാകുന്നു"എന്നത് താഴെ പറയും പ്രകാരം ഭേദഗതി വരുത്തി ഉത്തരവാകുന്നു.

"മേല് സാഹചര്യത്തിൽ പരാമർശം (5) ഗ്രഡേഷന് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള താഴെപ്പറയുന്ന ജൂനിയർ ഇൻസ്ട്രക്ടർ തസ്തികയിലെ ജീവനക്കാർക്ക് കേരള ക്രാഫ്റ്റ്സ്മെൻ ട്രെയിനിംഗ് സബോർഡിനേറ്റ് സർവ്വീസ് 1971 ചട്ടം -3(2), ചട്ടം-6, പരാമർശം (3)- ലെ സർക്കാർ ഉത്തരവ് എന്നിവയിലെ വ്യവസ്ഥകൾക്ക് വിധേയമായി 1958-ലെ കേരള സബോർഡിനേറ്റ് സർവ്വീസ് റൂൾസ് ചട്ടം 28 (എ) പ്രകാരം അവരുടെ പേരിന് നേരേ രേഖപ്പെടുത്തിയിരിക്കുന്ന തീയതി പ്രാബല്യത്തിൽ 39300- 83000 രൂപ ശമ്പള നിരക്കിൽ സീനിയർ ഇൻസ്ട്രക്ടർമാരായി ഉദ്യോഗക്കയറ്റം നൽകി ഉത്തരവാകുന്നു"

പരാമർശ ഉത്തരവ് പ്രകാരം ഉദ്യോഗക്കയറ്റം നൽകിയ ജീവനക്കാരുടെ പട്ടികയിലെ ക്രമ നം 277(ഗ്രഡേഷൻ ലിസ്റ്റിലെ ക്രമ നം.1690) ആയി ഉൾപെട്ടിട്ടുള്ള ശ്രീ.ജയദേവൻ എസ്.എൻ ന്റെ D(ഡിപ്ലോമ) എന്ന് നൽകിയിട്ടുള്ള ക്വാട്ട G(ജനറൽ) എന്ന് തിരുത്തി വായിക്കേണ്ടതുമാണ്.

(ഒപ്പ്)

ജോയിന്റ് ഡയറക്ടർ ഓഫ് ട്രെയിനിംഗ്

സ്വീകർത്താവ്:-

1.ബന്ധപെട്ട ഉദ്യോഗസ്ഥർക്ക്(സ്ഥാപന മേധാവി മുഖേന)

2. ഐടിഐ പ്രിൻസിപ്പാൾമാർക്ക്(വകുപ്പ് വെബ്സൈറ്റ് മുഖേന)

//ഉത്തരവിൻ പ്രകാരം//

സീനിയർ സൂപ്രണ്ട്